പരീക്ഷണാടിസ്ഥാനത്തിൽ നടത്തുന്നുണ്ട്. എന്നാൽ വ്യവസായ അടിസ്ഥാനത്തിൽ പ്രയോജനപ്പെടുത്താൻ ഇനിയും ഗവേഷണം ആവശ്യമാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച സ്ഥിതിക്ക് ഇതുമായി ബന്ധപ്പെട്ട മേൽനടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ ശാസ്ത്ര സാങ്കേതിക കൗൺസിലിന് നിർദ്ദേശം നൽകുന്നതാണ്.

(6) ആലത്തൂർ മണ്ഡലത്തിലെ പുതുക്കോട് സർവ്വജന ഹൈസ്ക്കൂൾ മാനേജ്മെന്റിന്റെ അനാഥാവസ്ഥ മൂലമുണ്ടായ പ്രശ്നങ്ങൾ

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ആലത്തൂർ അസംബ്ളി മണ്ഡലത്തിൽ മൂവായിരത്തോളം വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനം, പുതുക്കോട് സർവ്വജന ഹൈസ്ക്കൂൾ 1946-ൽ 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 21 പ്രകാരം രജിസ്റ്റർ ചെയ്ത ട്രസ്റ്റ് 'സർവ്വജന വിദ്യാഭ്യാസ സമിതി'യാണ് ആരംഭിച്ചത്. പൊതുജനങ്ങളിൽ നിന്ന് സംഭാവന പിരിച്ചും പുതുക്കോട് ഹരിഹര പാഠശാല എന്ന സ്ഥാപനം സ്ഥലവും കെട്ടിടവും നൽകിയിട്ടുമാണ് ഈ സ്ഥാപനം തുടങ്ങിയത്. 18 അംഗ കമ്മിറ്റിയാണ് ഇതിന്റെ പ്രവർത്തനം നടത്തിയത്. പി.കെ. നാരായണ അയ്യരാണ് ഇതിന്റെ മാനേജരായി പ്രവർത്തിച്ചിട്ടുള്ള ആൾ. 1958-ൽ പി.കെ. നാരായണ അയ്യർ മരിച്ചു. മരണാനന്തരം ഇദ്ദേഹത്തിന്റെ സഹോദരപുത്രൻ പി. കെ. കൃഷ്ണസ്വാമി സാങ്കേതിക കൃത്രിമങ്ങൾ നടത്തി ഇതിന്റെ മാനേജരായി ഇതിന്റെ പ്രവർത്തനം നടന്നുവരുന്നു. ഇതു സംബന്ധിച്ച് സമിതിയിലെ ആളുകൾ വിദ്യാഭ്യാസവകുപ്പിൽ പരാതി കൊടുത്തു. വിദ്യാഭ്യാസവകുപ്പ് ഇതിനെ സംബന്ധിച്ച് അന്വേഷിച്ച് കൃഷ്ണസ്വാമിയെ ഒഴിവാക്കി. ഈ ട്രസ്റ്റിലുള്ള ഒരാൾ മാത്രമാണ് ഇപ്പോൾ ജീവിച്ചിരിക്കുന്നത്. അദ്ദേഹത്തിന് 93 വയസ്സായി. അദ്ദേഹത്തിന് മാനേജരായി പ്രവർത്തിക്കാൻ കഴിയില്ലായെന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഈ സ്ക്കൂളിന്റെ മാനേജ്മെന്റാകെ കുഴപ്പത്തിലായിരിക്കുകയാണ്. ഈ സ്കൂൾ പ്രവർത്തിപ്പിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും ആവശ്യമായിട്ടുള്ള നടപടികൾ ഉണ്ടാകണം.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിലെ പുതുക്കോട് വില്ലേജിൽ പ്രവർത്തനം തുടങ്ങിയ പുതുക്കോട് സർവ്വജന ഹൈസ്ക്കൂൾ, സർവ്വജന വിദ്യാഭ്യാസ സമിതിയുടെ കീഴിലായിരുന്നു. 1946 മുതൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. സൊസൈറ്റി ഇതിന്റെ കറസ്പോണ്ടന്റ് എന്നുള്ള നിലയിൽ പി.കെ. നാരായണ അയ്യരെയാണ് ആദ്യമായി ഏൽപ്പിച്ചിരുന്നത്. അദ്ദേഹം മാനേജർ എന്നുള്ള നിലയ്ക്ക് പിന്നീട് ആക്ട് ചെയ്യാൻ ശ്രമിക്കുകയും മാനേജർ എന്ന നിലയ്ക്ക് സ്ക്കൂളിന്റെ പ്രവർത്തനങ്ങളിൽ അധികാര ദുരുപയോഗം നടത്തുകയും ചെയ്തു എന്നതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 4-1-03-ൽ അദ്ദേഹത്തെ ആ സ്ഥാനത്തു നിന്ന് മാറ്റി പരമേശ്വരയ്യർ എന്ന ആളിനെ മാനേജരായി തൽക്കാലം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം ഈ സ്ഥാനത്ത് തുടരുന്നതിന് ആഗ്രഹിക്കുന്നില്ല, അത് അസാധ്യമാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഡി.പി.ഐ. മുഖേന ഇതു സംബന്ധിച്ച് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയശേഷം ആ സ്ക്കൂൾ ഗവൺമെന്റ് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly